പ്രത്യേക ബോർഡുകൾവെച്ച സ്വകാര്യ ബസ്സ് സർവ്വീസ്

98 [2870] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. ടി. എ.-യുടെ റൂട്ട് പെർമിറ്റ് പ്രകാരം സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സ് സർവ്വീസുകൾ ഓർഡിനറി, എക്സ്പ്രസ്സ്, നോൺ സ്റ്റോപ്പ് എന്നീ തലത്തിൽ പ്രത്യേക ബോർഡുകൾ വച്ച് സർവ്വീസ് നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(സി) നോൺ സ്റ്റോപ്പ് ബോർഡുകൾ വച്ച് സർവ്വീസ് നടത്തുന്നതിന് പ്രത്യേക അനുവാദം എന്തെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) നോൺ സ്റ്റോപ്പ് ബോർഡുവച്ച് സർവ്വീസ് നടത്തുന്ന ബസ്സ് സർവ്വീസുകൾ എവിടെയൊക്കെയാണ് നിർത്തുക എന്നത് സംബന്ധിച്ച് ആർ.ടി.എ. അനുവാദം നൽകാറുണ്ടോ;

(ഇ) നോൺ സ്റ്റോപ്പ് ബോർഡ് വച്ച് ഓടുന്ന ബസ്സുകൾ പലപ്പോഴും ഓവർ സ്പീഡ് എടുത്ത് അപകടം സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സ്വകാര്യ ബസ്സുടമകൾക്ക് ആർ.ടി.എ. നൽകിയിട്ടുള്ള ഓർഡിനറി, എക്സ്പ്രസ്സ്, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ എന്നീ പെർമിറ്റുള്ള വാഹനങ്ങൾ മാത്രമേ അത്തരത്തിലുള്ള ബോർഡുകൾ പ്രദർശിപ്പിക്കുകയുള്ളു. അനധികൃതമായി ബോർഡ് പ്രദർശിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly